# കൊല്ലം കോർപ്പറേഷൻ

ആർ 13/18063/20 28/05/2024

## ലേലം/ക്വട്ടേഷൻ നോട്ടീസ്

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വക ചുവടെ ചേർത്തിരിക്കുന്ന ഇനത്തിൽ നിന്നും 2024 ജൂൺ 10 മുതൽ 2027 ജൂലൈ 9 വരെയുള്ള 3 വർഷ കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം കൊല്ലം കോർപ്പറേഷൻ ഓഫീസിൽ വച്ച് 05/06/2024 ന് പകൽ 11 മണിക്ക് പരസ്യലേലം/ക്വട്ടേഷൻ മുഖാന്തിരം നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ ഇനത്തിന് ഡെപ്പോസിറ്റ് തുക സ്ഥിരമായിരിക്കും. പ്രതിമാസ ലൈസൻസ് ഫീസിൻ മേലാണ് ലേലം/ക്വട്ടേഷൻ നടത്തുന്നത്.

| ക്രമ നം. | ലേല ഇനം | മിനിമം ഡെപ്പോസിറ്റ് തുക | അടിസ്ഥാന പ്രതിമാസ ലൈസൻസ് ഫീസ് | കാലാവധി |
|---|---|---|---|---|
| 1 | കൊല്ലം മഹാത്മാഗാന്ധി പാർക്ക് & ബീച്ച് പരിപാലനവും ഫീസ് പിരിവും | 33,00,000 | 4,98,300/- | 3 Year |

ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഡെപ്പോസിറ്റ് തുകയുടെ 1/3 തുക (11,00,000/-രൂപ) കോർപ്പറേഷൻ സെക്രട്ടറി പേർക്ക് ഒടുക്കിയ രസീത്/ഡി.ഡി, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ 04/06/2024 പകൽ 3 മണി വരെ സ്വീകരിക്കുന്നതും 05/06/2024 ന് ലേലം അവസാനിച്ചതിന് ശേഷം ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലം/ക്വട്ടേഷൻ ഏറ്റവും കൂടുതൽ തുക പ്രതിമാസം ലൈസൻസ് ഫീസ് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ പേരിൽ ലേലം/ക്വട്ടേഷൻ കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതുമായിരിക്കും. അടിസ്ഥാന പ്രതിമാസ ലൈസൻസ് ഫീസ് വർഷം തോറും 5% വർധനവ് ഉണ്ടായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങളും ലേല നിബന്ധനകളും നഗരസഭാ ഓഫീസിൽ (റവന്യു വിഭാഗം) നിന്നോ, നഗരസഭയുടെ **www.kollamcorporation.gov.in** എന്ന സൈററിൽ നിന്നും ലഭ്യമാണ്.

MUNICIPAL CORPORATION OFFICE KOLLAM

28/5/24

കോർപ്പറേഷൻ സെക്രട്ടറി

18. ബീച്ചിലേയും പാർക്കിലേയും പ്രവർത്തനങ്ങൾക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന എല്ലാ തൊഴിലാളികളുടേയും ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കും.
19. പാർക്കിന്റെ മെയിന്റനൻസ്, പരിപാലനം, സംരക്ഷണം എന്നിവ കരാറുകാരൻ കോർപ്പറേഷൻ നിർദ്ദേശം പ്രകാരം നിർവ്വഹിക്കേണ്ടതാണ്.
20. ഉദ്യാനത്തിന്റെയും ടർഫിന്റേയും നിത്യ സംരക്ഷണവും പാർക്ക് കൈമാറുന്ന തീയതി മുതൽ പാർക്ക് ശുചീകരണവും നവീകരിച്ച ബീച്ചിലും പാർക്കിലും ഉദ്യാനത്തിന്റെ നിത്യഹരതിയ്ക്ക് ഭംഗം വരാതെ സംരക്ഷിക്കുകയും പാർക്ക് ശുചീകരിക്കുന്നതിന് സ്വന്തം ചെലവിൽ തൊഴിലാളികളെ നിർത്തി കരാറുകാരൻ ചെയ്യിക്കേണ്ടതാണ്.
21. ബീച്ചിലും പാർക്കിലും സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവ ഒടുക്കി പ്രവർത്തന ക്ഷമമാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
22. പുതുതായി വാട്ടർ കണക്ഷൻ ആവശ്യമെങ്കിൽ കരാറുകാരൻ സെക്രട്ടറിയുടെ പേരിൽ കരാറുകാരന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതും വെള്ളക്കരം കരാറുകാരൻ നേരിട്ട് ഒടുക്കേണ്ടതുമാണ്.
23. പാർക്കിലെ എല്ലാ റൈഡുകളിലും (കുളം ഉൾപ്പെടെ) കുട്ടികൾക്ക് സുരക്ഷാ സംവിധാനം കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.
24. കളിക്കോപ്പുകൾക്കുണ്ടാകുന്ന എല്ലാ അറ്റകുറ്റപ്പണികളും കരാറുകാരൻ അതാത് സമയം നടപ്പിലാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.
25. പ്രവേശന ടിക്കറ്റുകളുടെ നിരക്കുകൾ കോർപ്പറേഷൻ നിർദ്ദേശപ്രകാരം നിശ്ചയിക്കേണ്ടതും സൗജന്യ പ്രായപരിധി ഉൾപ്പെടെയുള്ള നിരക്കുകൾ ഓരോ റൈഡുകൾക്കും മുന്നിലായി പരസ്യമായി പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ്.
26. ബീച്ചിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നടക്കുന്ന എല്ലാ പരിപാടികൾക്കും കോർപ്പറേഷനിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
27. ടോയ്ലെറ്റുകളും പരിസരവും എപ്പോഴും ശുചിയായി അറ്റുകറ്റപ്പണികൾ നടത്തിയും സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
28. കരാർ കാലാവധി 3 വർഷത്തേയ്ക്ക് മാത്രമായിരിക്കുന്നതാണ്. കരാർ കാലാവധി പൂർത്തീകരിച്ച് കഴിഞ്ഞാൽ ലൈസൻസി യാതൊരവകാശവാദവും ഉന്നയിക്കാതെ കോർപ്പറേഷൻ എൽപ്പിച്ച സ്ഥാവര ജംഗമ വസ്തുക്കൽ അതേ അവസ്ഥയിൽ അന്ന് തന്നെ നഗരസഭാ ഉദ്യോഗസ്ഥരെ ബോധ്യപ്പടുത്തി തിരികെ ഏൽപ്പിക്കേണ്ടതാണ്..
29. കോർപ്പറേഷൻ ഭരണാധികാരികൾക്കും ഉദ്യോഗസ്ഥർക്കും ഏത് സമയത്തും പ്രവേശിച്ച് പാർക്കിന്റേയും ബീച്ചിന്റേയും പ്രവർത്തനം പരിശോധിക്കുന്നതിന് അധികാരമുള്ളതും പരിശോധനയിൽ ചൂണ്ടിക്കാട്ടുന്ന പിഴവുകളോ ന്യൂനതകളോ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും യഥാസമയം പരിഹരിക്കേണ്ടതുമാണ്. ഇതിനായി ഒരു പ്രത്യേകം രജിസ്റ്റർ എൻട്രൻസ് കൗണ്ടറിൽ സൂക്ഷിക്കേണ്ടതുമാണ്.
30. ക്രിമിനൽ കോടതി ശിക്ഷ അനുഭവിച്ചിട്ടുള്ള ആളാണെന്നോ നഗരസഭയ്ക്ക് മുൻകാലങ്ങളിൽ എന്തെങ്കിലും കുടിശിക വരുത്തിയിട്ടുള്ള ആളാണെന്നോ പാപ്പരാണെന്നോ മറ്റോ കൗൺസിലിന് ബോധ്യപ്പെടുന്ന പക്ഷം അയാളുടെ കരാർ റദ്ദ് ചെയ്യുന്നതിനും, പുനർലേലം ചെയ്ത് കൊടുക്കുന്നതിനും നഗരസഭാ കൗൺസിലിന് പൂർണ്ണഅധികാരം ഉണ്ടായിരിക്കും.
31. കരാറുകാരൻ ലൈസൻസ് ഫീസിനോടൊപ്പം അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ടാക്സും അധികമായി ചുമത്തുന്ന സെസ്സും ഉൾപ്പെടെ

എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പ് ലൈസൻസ് ഫീസിനൊപ്പം ഒടുക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കാതെ വന്നാൽ പ്രതിമാസം 1% നിരക്കിൽ പലിശയും ഈടാക്കുന്നതാണ്.

32. നഗരസഭാ സെക്രട്ടറിയുടെ അനുവാദം കൂടാതെ ബീച്ച്/പാർക്കിന്റെ ഘടനയിൽ യാതൊരു മാറ്റവും വരുത്തുവാൻ കരാറുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല. അപ്രകാരം പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പുന:ർലേല നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.
33. കരാർ കാലാവധി തീരുന്നതിനുമുൻപ് ലൈസൻസിക്ക് ടി കരാർ ഒഴിയണമെന്ന് തോന്നിയാൽ 60 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതും കൗൺസിൽ തീരുമാനിക്കുന്ന വ്യവസ്ഥകളിൻമേൽ കക്ഷിക്ക് ഒഴിയുന്നതിന് അനുമതി നൽകുന്നതുമാണ്
34. പാർക്കിലേയ്ക്ക് സ്ഥാപിച്ചിട്ടുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കളിക്കോപ്പുകൾക്കാവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ കരാറുകാരൻ എർപ്പെടുത്തേണ്ടതാണ്.
35. എല്ലാ മാസവും 10-ാംതീയതിക്ക് മുൻപായി ഉഭയസമ്മതപ്രകാരമുള്ള തുക കരാറുകാരൻ കോർപ്പറേഷനിൽ ഒടുക്കുവരുത്തി രസീത് വാങ്ങേണ്ടതും 2020 ജൂലൈ 10-ാംതീയതി മുതൽ ഇപ്രകാരം മുടക്കം കൂടാതെ തുക അടവ് വരുത്തേണ്ടതും താമസം വരുത്തുന്ന ഓരോ മാസത്തേയ്ക്കും പ്രതിമാസം 1% നിരക്കിൽ പിഴപ്പലിശ കൊടുക്കേണ്ടതുമാണ്.
36. കോർപ്പറേഷൻ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള 10 രൂപ നിരക്കിൽ ഗേറ്റ് പാസ്സ് മുഖേന പാർക്കിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കരാറുകാരന് അധികാരമുണ്ടായിരിക്കുന്നതാണ്.
37. സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ കോർപ്പറേഷനിൽ ഒടുക്കുവരുത്തുന്ന സംഖ്യ പലിശരഹിത നിക്ഷേപമായിരിക്കുന്നതും കരാർ കാലാവധിക്കുള്ളിൽ ഈ കരാറിൽ വച്ച് കോർപ്പറേഷന് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കഴിച്ച് കരാർ കാലാവധി കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ മടക്കി ലഭിക്കുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതാണ്.
38. നിലവിൽ ബീച്ചിലും പാർക്കിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടേയും കളിക്കോപ്പുകളുടേയും (movable and immovable properties and fixtures) ദൃശ്യങ്ങൾ വീഡിയോ ക്യാമറയിൽ പകർത്തി പകർപ്പ് ഉഭയകക്ഷിസമ്മതപ്രകാരം നഗരസഭയുടെ ലോക്കറിൽ സൂക്ഷിക്കുന്നതാണ്.
39. ആവശ്യമായ ജീവനക്കാരെ പാർക്കിന്റെ സംരക്ഷണത്തിന് യൂണിഫോമുകൾ സഹിതം സജ്ജമാക്കേണ്ടതും ടിയാളുകളുടെ നിയമാനുസൃത പൂർണ്ണസുരക്ഷ ഉത്തരവാദിത്വം ഒന്നാം കക്ഷി വഹിക്കേണ്ടതുമാണ്.
40. മൂന്ന് വയസ്സുവരെയുള്ള കുട്ടികളുടെ പാർക്കിലേയ്ക്കുള്ള പ്രവേശനം സൗജന്യമായരിക്കും
41. എഗ്രിമെന്റ് വച്ച തീയതി മുതൽ മൂന്ന് വർഷത്തേയ്ക്കാണ് ടി കരാർ നിലവിലുള്ളത്. കരാർ പൂർത്തീകരിക്കുന്ന മുറയ്ക്ക് അന്നത്തെ അവസ്ഥയിലുള്ള എല്ലാ വസ്തുക്കളും കോർപ്പറേഷൻ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി രണ്ടാം കക്ഷി ഏറ്റെടുക്കുന്നതുമാണ്.

42. പാർക്കിലും ബീച്ചിലും കോർപ്പറേഷൻ നിർദ്ദേശിക്കുന്ന തരത്തിലുള്ള നെയിം ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. കരാർ പ്രകാരം ഏറ്റെടുക്കുന്ന ബീച്ചിന്റെയും പാർക്കിന്റേയും പരിപാലന പ്രവർത്തനങ്ങൾ തൃപ്തികരമായി നിർവ്വഹിക്കുന്നില്ലായെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിക്കുന്നതായോ ബോധ്യപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതിനും കോർപ്പറേഷൻ അധികാരമുണ്ടായിരി ക്കുന്നതാണ്. ഈ ഇനത്തിൽ യാതൊരു നഷ്ടപരിഹാരവും ഒന്നാം കക്ഷിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

43. ബീച്ചിലെയും പാർക്കിലെയും മാലിന്യങ്ങൾ സ്വന്തം ചെലവിൽ സംസ്ക്കരിക്കുന്നത് കരാരുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

44. പാർക്കിന് ചുറ്റുമുള്ള ഫെൻസിങ്ങിലും ബീച്ചിലേയ്ക്കിറങ്ങുന്നതിനായി നിർമ്മിച്ചിട്ടുള്ള പടികളിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം പരസ്യം ചെയ്യുന്നതിന് കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

45. പാർക്കിനുള്ളിലുള്ള റൈഡുകളിൽ കുട്ടികൾക്കും സന്ദർശകർക്കും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നതു മൂലമുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങളും വ്യവഹാരങ്ങളും ബാധ്യതകളും കരാറുകാരന്റെ മാത്രം ഉത്തരവാദിത്വമായിരിക്കും.

46. അടിസ്ഥാന പ്രതിമാസ ലൈസൻസ് ഫീസ് വർഷംതോറും 5% വർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്.

20/5/24

കോർപ്പറേഷൻ സെക്രട്ടറി

MUNICIPAL CORPORATION OFFICE KOLLAM

സി.ജെ

# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

## ലേല നിബന്ധനകൾ

ലേലം/ക്വട്ടേഷൻ ലഭിക്കുന്ന ആൾ ലേലം/ക്വട്ടേഷൻ നടപടികൾക്കുശേഷം കരാറുകാരനെ ഉറപ്പിച്ച വിവരം അറിയിക്കുന്ന മുറയ്ക്ക് ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾ ഉൾപ്പെടുത്തി നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

1. നിശ്ചയിച്ചുറപ്പിച്ച വാടക മുൻകൂറായും മേൽപ്പറഞ്ഞ രീതിയിലും ഓരോ മാസവും 10-ാം തീയതിയോ അതിന് മുൻപോ നൽകുന്നതാണ്.
2. കരാർ കാലാവധി പൂർത്തികരിക്കുന്ന മുറയ്ക്ക് കരാറുകാരൻ ഏറ്റെടുക്കുന്ന ബീച്ചും പാർക്കും അനുബന്ധ ഉപകരണങ്ങളും തൃപ്തികരമായ നിലയിൽ കേടുപാടുകൾ കൂടാതെ കോർപ്പറേഷൻ അധികാരികളെ ബോധ്യപ്പെടുത്തി തിരികെ ഏൽപ്പിക്കേണ്ടതും ഏതെങ്കിലും തരത്തിൽ ന്യൂനതകൾ സംഭവിക്കുന്ന പക്ഷം ആയത് കരാറുകാരൻ വച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ആദ്യ ബാധ്യതയായും തികയാതെ വന്നാൽ കരാറുകാരന്റെയോ അനന്തരാവകാശികളുടെയോ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷൻ അധികാര മുണ്ടായിരിക്കുന്ന തുമാണ്.
3. പാർക്കിന്റെയും ബീച്ചിന്റെയും പ്രവർത്തനങ്ങൾ ക്രമപ്രകാരവും നിയമവിധേയമായും മാത്രമാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും വിധത്തിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതായി .സംശയം തോന്നിയാൽ യഥാസമയം കോർപ്പറേഷൻ/പോലീസ് അധികാരികളെ രേഖാമൂലം അറിയിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്.
4. നിശ്ചിത സമയപരിധിക്കുള്ളിൽ ഡെപ്പോസിറ്റ് തുകകളും അഡ്വാൻസ് ലൈസൻസ് ഫീസും ഒടുക്കുവരുത്താത്ത പക്ഷം മേൽ ലേലം/ ക്വട്ടേഷൻ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് പുനർലേലം നടത്തുന്നതിന് നഗരസഭാ കൗൺസിലിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്. ടി നടപടികളെ ചോദ്യം ചെയ്യുന്നതിന് കരാറുകാരന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല.
5. കരാറുകാരൻ അതാത് സമയം നഗരസഭാ സെക്രട്ടറി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥനായിരിക്കുന്നതും, 1994– ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 215 പ്രകാരവും, ലൈസൻസ് ഫീസ് കരാർ ചട്ടം 7(2), 8(2) പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരിക്കേണ്ടതുമാണ്.
6. പാർക്കിൽ നിർമ്മിച്ചിട്ടുള്ള കോർപ്പറേഷൻ വക 5 കെട്ടിടങ്ങൾ കച്ചവട പ്രവർത്തനങ്ങൾക്കായി ലൈസൻസ് പ്രകാരം നടത്തുന്നതിന് കരാറുകാരന് അവകാശമുള്ളതും കോർപ്പറേഷന്റെ രേഖാമൂലമൂള്ള അനുമതി ഇല്ലാതെ ആർക്കും കീഴ് വാടകയ്ക്ക് അനുവദിച്ച് കൂടാത്തതുമാണ്.
7. കരാറുകാരൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നഗരസഭാ കൗൺസിൽ തീരുമാനങ്ങളും പാലിക്കുന്നതിന് ഉത്തരവാദി

ആയിരിക്കുന്നതും ഇതിന് ചോദ്യം ചെയ്യുന്നതിന് കരാറുകാരന് യാതൊരുവിധ അധികാരങ്ങളും അവകാശങ്ങളും ഇല്ലാത്തതുമാണ്.

8. പാർക്കിലോ, ബീച്ചിലോ, പാർക്കിംഗ് ഏരിയായിലോ എതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ വേണ്ടി നിശ്ചിത കരാർ കാലാവധിക്ക് മുൻപ് നഗരസഭ ആവശ്യപ്പെടുന്ന പക്ഷം യാതൊരുവിധ തടസ്സവാദങ്ങളും ഉന്നയിക്കാതെ ഒഴിഞ്ഞുതരുന്നതിന് കരാറുകാരൻ ബാധ്യസ്ഥ നായിരിക്കുന്നതാണ്.
9. പൊതുജനങ്ങൾക്ക് പരാതികൾ രേഖപ്പെടുത്തുന്നതിന് കുത്തകക്കാരൻ പരാതി രജിസ്റ്റർ, പരാതിപ്പെട്ടി എന്നിവ പരസ്യമായി സൂക്ഷിക്കേണ്ടതാണ്.
10. ഏതെങ്കിലും തവണ തുക അടയ്ക്കേണ്ട തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഒടുക്കാത്ത പക്ഷം കുത്തക പ്രൊവിഷണലായി കൗൺസിലിന് ക്യാൻസൽ ചെയ്യാൻ അധികാരം ഉണ്ടായിരിക്കുന്നതായും ഡിപ്പാർട്ട്മെന്റലായി ഫീസ് പിരിവ് താൽക്കാലികമായി ഏർപ്പെടുത്തുന്നതുമാണ്. ഡിപ്പാർട്ടുമെന്റലായി പിരിവ് നടത്തുകയോ പുനർലേലം ചെയ്യുകയോ ചെയ്യുന്നത് മൂലം ഉണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. കുത്തകക്കാരനെ ഏൽപ്പിക്കുന്ന വസ്തുവകകൾക്കോ ജംഗമ സാധനങ്ങൾക്കോ നാശമോ കേടുപാടുകളോ സംഭവിക്കുകയാണെങ്കിൽ അതിലേയ്ക്ക് കുത്തകക്കാരൻ കൗൺസിലിന് നഷ്ടപരിഹാരം ചെയ്യേണ്ടതാണ്. ആ വക നഷ്ടപരിഹാരത്തിന്റെ തുക എത്രയെന്ന് നിശ്ചയിക്കാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.
12. തവണ കുടിശികയുടെ പേരിൽ പുനർലേലംചെയ്യുന്നത് മൂലം കൗൺസിലിന് നഷ്ടമുണ്ടാകുന്ന പക്ഷം കരാറുകാരൻ ആയതിന് ഉത്തരവാദി ആയിരിക്കുന്നതും ആദായമുണ്ടാകുന്നുവെങ്കിൽ ആയതിന് അവകാശം ഉന്നയിക്കുന്നതിന് കരാറുകാരന് അവകാശം ഇല്ലാത്തതുമാണ്.
13. ബീച്ചിലെ കച്ചവടം നിയന്ത്രിക്കുന്നതിനുള്ള ചുമതല കരാറുകാരനിൽ നിക്ഷിപ്തമാണ്.
14. ബീച്ച്, പാർക്ക്, പാർക്കിംഗ് ഏരിയ എന്നിവ പ്ലാസ്റ്റിക്ക് നിരോധിത മേഖലയായി സംരക്ഷിക്കേണ്ടതാണ്.
15. കരാർ പ്രകാരം ഏറ്റെടുത്ത ബീച്ചിന്റെയും പാർക്കിന്റേയും പരിപാലന പ്രവർത്തനങ്ങളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നതായോ കരാർ വ്യവസ്ഥകൾ ലംഘിക്കുന്നതായോ ബോധ്യപ്പെടാൻ ഏകപക്ഷീയമായി കരാർ റദ്ദ് ചെയ്യുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് മൂലം യാതൊരുവിധ നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്ന തല്ല.
16. ബീച്ചിലും പാർക്കിലും നടത്തുന്ന എല്ലാ പ്രവൃത്തികൾക്കും, കച്ചവടങ്ങൾക്കും കോർപ്പറേഷനിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതും അനധികൃതമായ ഏത് പ്രവർത്തനങ്ങളും അനുവദനീയമല്ലാത്തതും അനധികൃത പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി യായിരിക്കുന്നതുമാണ്.
17. ബീച്ചിലേയും പാർക്കിലേയും പ്രവർത്തനങ്ങൾക്കാവശ്യമായ വെള്ളം, കറണ്ട് എന്നിവ ഉപയോഗിക്കുന്നതിന്റെ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ കരാറുകാരൻ ബന്ധപ്പെട്ട ഓഫീസുകളിൽ സമയാസമയങ്ങളിൽ സ്വന്തം ചെലവിൽ ഒടുക്കുന്നതിന് ബാധ്യസ്ഥനാണ്.